**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 57** | **07-10-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും പ്രസ്തുത മേഖല കാലാനുസൃതമായി നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | **ഐ.ടി പാർക്കുകൾ**<br><br>മികച്ച മാർക്കറ്റിംഗ് സംവിധാനത്തിലൂടെ ദേശീയ അന്തർദേശീയ ഐ.ടി കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിന് വേണ്ടി അവർക്ക് ആവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഐ.ടി പാർക്കുകളിൽ സജ്ജികരിച്ചിട്ടുണ്ട്.<br><br>ടെക്നോപാർക്കിന്റെ നാലാം ഘട്ട ക്യാമ്പസ്സായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസ്സിൽ ജോലി, പാർപ്പിട സൗകര്യങ്ങൾ, ഷോപ്പിംഗ് സൗകര്യങ്ങൾ, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സൗകര്യങ്ങളോടെ ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ ക്വാഡ് (Quad) - ന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ദേശീയ പാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സർക്കാരിന്റെ നിലവിലെ മൂന്നു ഐ.ടി പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് 5000 മുതൽ 50000 വരെ ച.അടി വിസ്തൃതിയിൽ ഐ.ടി സ്പെയിസുകൾ വർക്ക് നിയർ ഹോം മാതൃകയിൽ |

സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ അനുമതി നൽകിയിട്ടുണ്ട്.

ഐ.ടി. മേഖലയിൽ പരമാവധി മാനവശേഷി ലഭ്യമാക്കുന്നതിനും അഭ്യസ്ഥവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി പാർക്കുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ടി സർക്കാർ ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ ഇന്റേൺഷിപ് പദ്ധതി 'ഇഗ്നൈറ്റ്'' എന്ന പേരിൽ നടന്നു വരുന്നുണ്ട്.

സർക്കാർ പങ്കാളിത്വത്തോടുകൂടി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജൈറ്റെക്സ്, സിബിറ്റ് എന്നിവ ഉൾപ്പെടെയുള്ള ദേശീയ, അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി മേളകൾ, സെമിനാറുകൾ, കോൺഫെറൻസുകൾ, വർക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുത്ത്, കേരളത്തിലെ ഐ.ടി/ ഐ..ടി.ഇ.എസ് മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യ ങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാദ്ധ്യ തകൾ തുടങ്ങിയവ മനസ്സിലാക്കി കൊടുക്കു ന്നതിന് സാധിച്ചിട്ടുണ്ട്.

സെർച്ച് എൻജിൻ ഒപ്റ്റിമൈസേഷൻ (SEO) മികവോടു കൂടിയ നവീകരിച്ച വെബ്സൈറ്റ് ഉൾപ്പടെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

കേരളത്തിലെ ഐ.ടി മേഖലയെ പുഷ്ടി പ്പെടുത്തുന്നതിനുവേണ്ടി ഒരു ഹൈ പവർ ഐ.ടി കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. ലീഡുകൾ സൃഷ്ടിക്കുന്നതിനും കോ-ഡെവലപ്പർമാർ, അന്താരാഷ്ട്ര കമ്പനികൾ, ജി.സി.സി കൾ മുതലായവയെ സംസ്ഥാനത്തേക്കു കൊണ്ടു വരുന്നതിനു വേണ്ടി ഹൈ- പവർ ഐ.ടി കമ്മിറ്റിയുടെ നേതൃത്വത്തിൽ ഐ.ടി ഫെലോക ളുടെ സേവനം ഉപയോഗപെടുത്തിവരുന്നു.

ഐ.ടി പാർക്കുകളിൽ ലഭ്യമായ സ്ഥലവും, ഭൂ മിയും അന്താരാഷ്ട്ര കമ്പനികൾക്കും മറ്റു ജി.സി.സി.- കൾക്കും വിപണനം ചെ യ്യുന്നതിനായി ഇന്റർനാഷണൽ പ്രോപ്പർട്ടി കൺസൾട്ടന്റുമാരെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു.

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

നൂതനവും സാമൂഹിക പ്രതിബദ്ധതയുമുള്ള സാങ്കേതിക ആശയങ്ങൾ വികസിപ്പിക്കുന്നതിന് 3 ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റ്, ഉത്പ്പന്നം വിപുലീകരിക്കുന്നതിന് 7 ലക്ഷം രൂപ വരെയുള്ള പ്രോഡക്ടൈസേഷൻ ഗ്രാന്റ്, ഉത്പ്പന്നം വിപണിയിലെത്തിക്കാൻ 10 ലക്ഷം രൂപ വരെയുള്ള മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് (വനിതകൾക്ക് ഇത് 12 ലക്ഷം രൂപ വരെയാണ്) സ്ഥാപനത്തിന്റെ വിപുലീകരണത്തിനായി 15 ലക്ഷം രൂപ വരെയുള്ള സ്കെയിലപ്പ് ഗ്രാന്റ്, ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപ വരെയുള്ള ഗവേഷണ വികസന ഗ്രാന്റ് എന്നിവ ഉൾപ്പെട്ട ഇന്നവേഷൻ ഗ്രാന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

തിരുവനന്തപുരം, കൊട്ടാരക്കര, കുളക്കട, എറണാകുളം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട് കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ നടപ്പിലാക്കിവരുന്ന LEAP കോവർക്കിംഗ് സ്പെയിസ് വഴി ഒരു വികേന്ദ്രീകൃത സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം സംസ്ഥാനത്ത് സ്ഥാപിതമായി.

തിരുവനന്തപുരം ടെക്നോസിറ്റിയിൽ 3 ഏക്കർ സ്ഥലം എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ്ബ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റാർട്ടപ് മിഷന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോ

ഗമിച്ചുവരുന്നു. ഭാവിയിലെ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് വേണ്ടി 5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള സെന്റർ തിരുവനന്തപുരത്തു സ്ഥാപിക്കുന്നതിനാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ലക്ഷ്യമിടുന്നത്. അഞ്ച് വ്യത്യസ്ത മേഖലകളിലുള്ള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥകൾ - സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. ഹെൽത്ത് കെയർ/ ലൈഫ് സയൻസ്, ഡിജിറ്റൽ മീഡിയ & എന്റർടൈൻമെന്റ്, ഭക്ഷ്യ/ കൃഷി മേഖലകളിലെ നൂതന സംരംഭങ്ങൾ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, സ്പേസ് ടെക്നോളജി എന്നീ മേഖലകളെ അടിസ്ഥാനമാക്കിയായിരിക്കും ഈ ഹബ്ബ് പ്രവർത്തിക്കുക.

**<u>ഐ.സി.ടി അക്കാദമി</u>**

ഐസിടി അക്കാദമി ഓഫ് കേരള (ഐസിടിഎകെ) നൈപുണ്യ വിടവ് നികത്തുന്നതിലും യുവാക്കളുടെ തൊഴിലവസരം വർധിപ്പിക്കുന്നതിലും പ്രധാന പങ്കുവഹിക്കുന്നുണ്ട്. 2014-ൽ ആരംഭിച്ചത് മുതൽ ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾക്കും യുവാക്കൾക്കും വിവിധ ഐടി തൊഴിൽ മേഖലകളിൽ വിജയകരമായി ഇതുവരെ പരിശീലനം നൽകിയിട്ടുണ്ട്. ഡാറ്റാ സയൻസും അനലിറ്റിക്സും മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും സൈബർ സുരക്ഷയും വരെയുള്ള യുവാക്കളുടെയും വിദ്യർത്ഥികളുടെയും വൈവിധ്യമാർന്ന താൽപ്പര്യങ്ങളും തൊഴിൽ അഭിലാഷങ്ങളും നിറവേറ്റുന്ന നിരവധി പ്രത്യേക കോഴ്സുകൾ ICTAKവാഗ്ദാനം ചെയ്യുന്നുണ്ട്. പ്രമുഖ പ്രാദേശികവും ആഗോളവുമായ വിവിധ ഐടി കമ്പനികളിലായി 14,000-ത്തിലധികം വിദ്യാർത്ഥികൾക്ക് വിജയകരമായ നിയമനം നേടി കൊടുക്കാൻ ICTAK യ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഐസിടി അക്കാദമി 300-ലധികം അക്കാദമിക് സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുകയും ഏറ്റവും പുതിയ നൈപുണ്യ പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നതിനായി ഐബിഎം, ഗൂഗിൾ, മൈക്രോസോഫ്റ്റ്, സെയിൽസ്ഫോഴ്സ് തുടങ്ങിയ പ്രമുഖ സാങ്കേതിക കമ്പനികളുമായി സഹകരിക്കുകയും ചെയ്യുന്നുണ്ട്.

**<u>കെ.എസ്.ഐ.ടി. ഐ.എൽ</u>**

(1) ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് മുന്നിൽ കണ്ട് സംസ്ഥാനത്ത് 4 ഐ.ടി. കോറിഡോറുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ. ടി.ഐ.എൽ-നെ ലാന്റ് അക്വിസിഷൻ ഏജൻസിയായി നിയമിക്കുകയുണ്ടായി. 46 ലാന്റ് പാർസലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. ഇതിൽ ആദ്യ കോറിഡോർ ആയ ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം വരെ ആറു സ്ഥലങ്ങളിൽ ആയി 200 ഏക്കർ ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. ഐ.ടി കോറിഡോറിനായി കണ്ടെത്തിയ ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കെ.എസ്.ഐ..ടി.ഐ.എൽ താൽപര്യ പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി രണ്ട് സംരംഭകർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | (2) കൊല്ലം ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി നഗരപരിധിയിൽ മൂന്ന് ലാന്റ് പാർസലുകൾ കണ്ടെത്തിയിട്ടുണ്ട്. ലാന്റ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. കണ്ണൂർ ജില്ലയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുവാൻ വേണ്ടി കിൻഫ്രയുടെ ധർമ്മടം നിയോജക മണ്ഡലത്തിലെ പടുവിലായി വില്ലേജിൽ ഉൾപ്പെട്ട 25 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തുകയുണ്ടായി. 25 ഏക്കർ വരുന്ന പദ്ധതി പ്രദേശത്ത് 4.9 ഏക്കറിൽ 5.4 ലക്ഷം ചതു.അടി കെട്ടിടം വിഭാവനം ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി രേഖ ആർക്കിടെക്റ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പൂർത്തീകരിച്ച് ഭരണാനുമതിക്ക് വേണ്ട തടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>(3) സൈബർ പാർക്കിന് വേണ്ടി രണ്ടാമത്തെ ഐ.ടി കെട്ടിടത്തിനുവേണ്ടിയുള്ള പദ്ധതി പരിഗണനയിലാണ്.<br><br>(4) ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് വേണ്ടി ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി 2 ലക്ഷം ചതു.അടി കെട്ടിടത്തിന് വേണ്ടിയുള്ള വിശദമായ പദ്ധതി രൂപ രേഖ കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | മികച്ച പശ്ചാത്തലസൗകര്യം, മാർക്കറ്റിംഗ് സംവിധാനം എന്നിവയിലൂടെ ദേശീയ അന്തർദേശീയ- തലങ്ങളിലെ ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിനും ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനും ആവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നത്; വിശദമാക്കുമോ; | (ബി) | **<u>ഐ.ടി പാർക്കുകൾ</u>**<br><br>മികച്ച മാർക്കറ്റിംഗ് സംവിധാനത്തിലൂടെ ദേശീയ അന്തർദേശീയ ഐ.ടി കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിന് വേണ്ടി അവർക്ക് ആവശ്യാനുസരണം **SEZ/NON SEZ** മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്റ്റിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഐ.ടി പാർക്കുകളിൽ സജ്ജികരിച്ചിട്ടുണ്ട്.<br><br>ടെക്നോപാർക്കിന്റെ നാലാം ഘട്ട ക്യാമ്പസ്സായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസ്സിൽ ജോലി, പാർപ്പിട സൗകര്യങ്ങൾ, ഷോപ്പിംഗ് സൗകര്യങ്ങൾ, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സൗകര്യങ്ങളോടെ ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ ക്വാഡ് (Quad) - ന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

ദേശീയ പാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സർക്കാരിന്റെ നിലവിലെ മൂന്നു ഐ.ടി പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് 5000 മുതൽ 50000 വരെ ച.അടി വിസ്തൃതിയിൽ ഐ.ടി സ്പെയിസുകൾ വർക്ക് നിയർ ഹോം മാതൃകയിൽ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ അനുമതി നൽകിയിട്ടുണ്ട്.

ഐ.ടി. മേഖലയിൽ പരമാവധി മാനവശേഷി ലഭ്യമാക്കുന്നതിനും അഭ്യസ്ഥവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി പാർക്കുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ടി സർക്കാർ ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ ഇന്റേൺഷിപ് പദ്ധതി 'ഇഗ്നൈറ്റ്" എന്ന പേരിൽ നടന്നു വരുന്നുണ്ട്.

സർക്കാർ പങ്കാളിത്വത്തോട്ടുകൂടി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജൈറ്റെക്സ്, സിബിറ്റ് എന്നിവ ഉൾപ്പെടെയുള്ള ദേശീയ, അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി മേളകൾ, സെമിനാറുകൾ, കോൺഫെറൻസുകൾ, വർക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുത്ത്, കേരളത്തിലെ ഐ.ടി/ ഐ..ടി.ഇ.എസ് മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യ ങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാദ്ധ്യ തകൾ തുടങ്ങിയവ മനസ്സിലാക്കി കൊടുക്ക ന്നതിന് സാധിച്ചിട്ടുണ്ട്.

സെർച്ച് എൻജിൻ ഒപ്റ്റിമൈസേഷൻ (SEO) മികവോട്ടു കൂടിയ നവീകരിച്ച വെബ്സൈറ്റ് ഉൾപ്പടെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

കേരളത്തിലെ ഐ.ടി മേഖലയെ പുഷ്ടി പ്പെടുത്തുന്നതിനുവേണ്ടി ഒരു ഹൈ പവർ ഐ.ടി കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. ലീഡുകൾ സൃഷ്ടിക്കുന്നതിനും കോ-ഡെവലപ്പർമാർ, അന്താരാഷ്ട്ര കമ്പനികൾ, ജി.സി.സി കൾ മുതലായവയെ സംസ്ഥാനത്തേക്കു കൊണ്ടു വരുന്നതിനു വേണ്ടി ഹൈ- പവർ ഐ.ടി കമ്മിറ്റിയുടെ നേതൃത്വത്തിൽ ഐ.ടി ഫെലോക ളുടെ സേവനം ഉപയോഗപെടുത്തിവരുന്നു.

ഐ.ടി പാർക്കുകളിൽ ലഭ്യമായ സ്ഥലവും, ഭൂ മിയും അന്താരാഷ്ട്ര കമ്പനികൾക്കും മറ്റു ജി.സി.സി.-കൾക്കും വിപണനം ചെ യ്യുന്നതിനായി ഇന്റർനാഷണൽ പ്രോപ്പർട്ടി കൺസൾട്ടന്റുമാരെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു.

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

നൂതനവും സാമൂഹിക പ്രതിബദ്ധതയുമുള്ള സാങ്കേതിക ആശയങ്ങൾ വികസിപ്പിക്കുന്നതിന് 3 ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റ്, ഉത്പ്പന്നം വിപുലീകരിക്കുന്നതിന് 7 ലക്ഷം രൂപ വരെയുള്ള പ്രോഡക്ടൈസേഷൻ ഗ്രാന്റ്, ഉത്പ്പന്നം വിപണിയിലെത്തിക്കാൻ 10 ലക്ഷം രൂപ വരെയുള്ള മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് (വനിതകൾക്ക് ഇത് 12 ലക്ഷം രൂപ വരെയാണ് ) സ്ഥാപനത്തിന്റെ വിപുലീകരണത്തിനായി 15 ലക്ഷം രൂപ വരെയുള്ള സ്കെയിലപ്പ് ഗ്രാന്റ്, ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപ വരെയുള്ള ഗവേഷണ വികസന ഗ്രാന്റ് എന്നിവ ഉൾപ്പെട്ട ഇന്നവേഷൻ ഗ്രാന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

തിരുവനന്തപുരം, കൊട്ടാരക്കര, കുളക്കട, എറണാകുളം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട് കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ നടപ്പിലാക്കിവരുന്ന LEAP കോവർക്കിംഗ് സ്പെയിസ് വഴി ഒരു വികേന്ദ്രീകൃത സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം സംസ്ഥാനത്ത് സ്ഥാപിതമായി.

തിരുവനന്തപുരം ടെക്നോസിറ്റിയിൽ 3 ഏക്കർ സ്ഥലം എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ്ബ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റാർട്ടപ് മിഷന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോ

ഗമിച്ചുവരുന്നു. ഭാവിയിലെ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് വേണ്ടി 5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള സെന്റർ തിരുവനന്തപുരത്തു സ്ഥാപിക്കുന്നതിനാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ലക്ഷ്യമിടുന്നത്. അഞ്ച് വ്യത്യസ്ത മേഖലകളിലുള്ള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥകൾ - സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. ഹെൽത്ത് കെയർ/ ലൈഫ് സയൻസ്, ഡിജിറ്റൽ മീഡിയ &

എന്റർടൈൻമെന്റ്, ഭക്ഷ്യ/ കൃഷി മേഖലകളിലെ നൂതന സംരംഭങ്ങൾ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, സ്പേസ് ടെക്നോളജി എന്നീ മേഖലകളെ അടിസ്ഥാനമാക്കിയായിരിക്കും ഈ ഹബ്ബ് പ്രവർത്തിക്കുക.

**<u>ഐ.സി.ടി അക്കാദമി</u>**

ഐസിടി അക്കാദമി ഓഫ് കേരള (ഐസിടിഎകെ) നൈപുണ്യ വിടവ് നികത്തുന്നതിലും യുവാക്കളുടെ തൊഴിലവസരം വർധിപ്പിക്കുന്നതിലും പ്രധാന പങ്കുവഹിക്കുന്നുണ്ട്. 2014-ൽ ആരംഭിച്ചത് മുതൽ ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾക്കും യുവാക്കൾക്കും വിവിധ ഐടി തൊഴിൽ മേഖലകളിൽ വിജയകരമായി ഇതുവരെ പരിശീലനം നൽകിയിട്ടുണ്ട്. ഡാറ്റാ സയൻസും അനലിറ്റിക്സും മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും സൈബർ സുരക്ഷയും വരെയുള്ള യുവാക്കളുടെയും വിദ്യർത്ഥികളുടെയും വൈവിധ്യമാർന്ന താൽപ്പര്യങ്ങളും തൊഴിൽ അഭിലാഷങ്ങളും നിറവേറ്റുന്ന നിരവധി പ്രത്യേക കോഴ്സുകൾ ICTAKവാഗ്ദാനം ചെയ്യുന്നുണ്ട്. പ്രമുഖ പ്രാദേശികവും ആഗോളവുമായ വിവിധ ഐടി കമ്പനികളിലായി 14,000-ത്തിലധികം വിദ്യാർത്ഥികൾക്ക് വിജയകരമായ നിയമനം നേടി കൊടുക്കാൻ ICTAK യ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഐസിടി അക്കാദമി 300-ലധികം അക്കാദമിക് സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുകയും ഏറ്റവും പുതിയ നൈപുണ്യ പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നതിനായി ഐബിഎം, ഗൂഗിൾ, മൈക്രോസോഫ്റ്റ്, സെയിൽസ്ഫോഴ്സ് തുടങ്ങിയ പ്രമുഖ സാങ്കേതിക കമ്പനികളുമായി സഹകരിക്കുകയും ചെയ്യുന്നുണ്ട്.

**<u>കെ.എസ്.ഐ.ടി. ഐ.എൽ</u>**

(1) ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് മുന്നിൽ കണ്ട് സംസ്ഥാനത്ത് 4 ഐ.ടി. കോറിഡോറുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ. ടി.ഐ.എൽ-നെ ലാന്റ് അക്വിസിഷൻ ഏജൻസിയായി നിയമിക്കുകയുണ്ടായി. 46 ലാന്റ് പാർസലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. ഇതിൽ ആദ്യ കോറിഡോർ ആയ ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം വരെ ആറു സ്ഥലങ്ങളിൽ ആയി 200 ഏക്കർ ഭൂമി ഐ.ടി.

| | | | |
|---|---|---|---|
| | | | വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. ഐ.ടി കോറിഡോറിനായി കണ്ടെത്തിയ ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കെ.എസ്.ഐ..ടി.ഐ.എൽ താൽപര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി രണ്ട് സംരംഭകർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>(2) കൊല്ലം ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി നഗരപരിധിയിൽ മൂന്ന് ലാന്റ് പാർസലുകൾ കണ്ടെത്തിയിട്ടുണ്ട്. ലാന്റ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. കണ്ണൂർ ജില്ലയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുവാൻ വേണ്ടി കിൻഫ്രയുടെ ധർമ്മടം നിയോജക മണ്ഡലത്തിലെ പട്ടുവിലായി വില്ലേജിൽ ഉൾപ്പെട്ട 25 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തുകയുണ്ടായി. 25 ഏക്കർ വരുന്ന പദ്ധതി പ്രദേശത്ത് 4.9 ഏക്കറിൽ 5.4 ലക്ഷം ചതു.അടി കെട്ടിടം വിഭാവനം ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി രേഖ ആർക്കിടെക്റ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പൂർത്തീകരിച്ച് ഭരണാനുമതിക്ക് വേണ്ട തടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>(3) സൈബർ പാർക്കിന് വേണ്ടി രണ്ടാമത്തെ ഐ.ടി കെട്ടിടത്തിനുവേണ്ടിയുള്ള പദ്ധതി പരിഗണനയിലാണ്.<br><br>(4) ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് വേണ്ടി ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി 2 ലക്ഷം ചതു.അടി കെട്ടിടത്തിന് വേണ്ടിയുള്ള വിശദമായ പദ്ധതി രൂപ രേഖ കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ സയൻസ് പാർക്ക് സ്റ്റാർട്ടപ്പ് കമ്പനികൾ വ്യവസായ രംഗത്ത് വളർന്നുവരുന്നതിന് വലിയ സാധ്യതയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോയെന്നും പ്രസ്തുത പാർക്കിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേക്ക് സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ നിലവിലെ പുരോഗതിയും സംബന്ധിച്ച് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് ഐ. ടി വ്യവസായത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിച്ചു. സ്റ്റാർട്ട് അപ്പ് കമ്പനികൾക്കു വ്യവസായ രംഗത്ത് വളരുന്നതിന് വൻ സാദ്ധ്യതയാണ് ഈ പാർക്ക് വിഭാവനം ചെയ്യുന്നത്. ഇതിന്റെ പ്രവർത്തനം ടെക്നോപാർക്ക് ഫെയിസ് 4-ലെ കമ്പനി ബിൽഡിംഗിൽ ആരംഭിച്ചു. പാർക്കിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനം 2025 - ഓടു കൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പാർക്കിന്റെ കീഴിൽ ഒൻപത് മികവിന്റെ കേന്ദ്രങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഇവയിൽ ഇലക്ട്രോണിക്സ് ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ മികവിന്റെ കേന്ദ്രങ്ങൾ സ്റ്റാർട്ടപ്പുകളെ ഉൾക്കൊള്ളുന്നതിനും അവയുടെ<br><br>ഡിജിറ്റൽ എക്സ്പീരിയൻസുകൾ പൊതുജ നങ്ങൾക്കായി പകർന്നു നല്കുന്നതിനും ഉദ്ദേ ശിക്കുന്നു. വിദേശ സർവകലാശാലകളായ ഓക്സ്ഫോർഡ്, മാഞ്ചസ്റ്റർ, എഡിൻ ബെറെ എന്നിവയുമായുള്ള സഹകരണം മൂലം ഈ മികവിന്റെ കേന്ദ്രങ്ങൾക്ക് ആഗോളതലത്തിൽ മത്സരിക്കുന്നതിന് അവസരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ